പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 31.08.2017

നം. വൈ(1)/40535/2017/ഡി.പി.ഐ

## സർക്കുലർ

വിഷയം: പൊതു വിദ്യാഭ്യാസം - കേരള സ്കൂൾ ശാസ്ത്രോത്സവം - 2017-18 നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

2017-18 വർഷത്തെ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം (ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവർത്തി പരിചയ, ഐ.റ്റി.മേള & വൊക്കേഷണൽ എക്സ്പോ ആന്റ് കരിയർ ഫെസ്റ്റ്) കോഴിക്കോട് ജില്ലയിൽ വച്ച് നവംബർ അവസാന വാരം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. കൃത്യമായ സ്ഥലങ്ങളും തീയതിയും യഥാസമയം അറിയിക്കുന്നതാണ്. റവന്യൂ ജില്ലാ മേളകൾ നവംബർ മാസം 20-ാം തീയതിക്കകം പൂർത്തിയാക്കേണ്ടതാണ്.

മേളകൾ നടത്തുമ്പോൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## ശാസ്ത്രോത്സവത്തിന്റെ വിഷയങ്ങൾ

എല്ലാ വർഷവും ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നത് NCERT നൽകുന്ന വിഷയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ്. ഈ വർഷത്തെ ശാസ്ത്രോത്സവത്തിന്റെ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

**A) Main Theme**

Innovation for sustainable development

**B) Sub Themes**

1. Health and Well- being
2. Resource Management and food Security
3. Waste Management and water body conservation
4. Transport and Communication
5. Digital and technological Solutions
6. Mathematical Modeling

പ്രസ്തുത  വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയാകണം പ്രദർശന വസ്തുക്കൾ ഒരുക്കേണ്ടത്.

## സയൻസ് സെമിനാർ മൽസരം

റവന്യൂജില്ലാ തലം - സെപ്തംബർ 20 ന് മുമ്പ്

സംസ്ഥാന തലം - ഒക്ടോബർ 21 ന്

വിഷയം: Swatch Bharat - Role of Science and Technology - Promises & Challenges

## ഇൻവെസ്റ്റിഗേറ്ററി പ്രോജക്ട് മത്സരം

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന ശാസ്ത്ര വിഭാഗത്തിലെ ഈ മത്സരത്തിൽ ഉപജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന പ്രോജക്ടിന് റവന്യൂജില്ലാ തലത്തിലും റവന്യൂജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന പ്രോജക്ടിന് സംസ്ഥാന തലത്തിലും മത്സരിക്കാവുന്നതാണ്.

സംസ്ഥാന തല മത്സരത്തിൽ വിദ്യാർത്ഥികൾ നേരിട്ട് പങ്കെടുക്കേണ്ടതില്ല. പ്രോജക്ടുകൾ അയച്ചു തന്നാൽ മതിയാകും.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രോജക്ടുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റി ലേക്ക് അയയ്ക്കുമ്പോൾ പ്രസ്തുത പ്രോജക്ടുകൾ ഉപജില്ലാതല മത്സരത്തിലും റവന്യൂജില്ലാതല മത്സരത്തിലും പങ്കെടുത്ത് ആദ്യ രണ്ട് സ്ഥാനങ്ങൾ നേടിയതാണെന്ന സാക്ഷ്യപത്രം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്.

ഇത്തരത്തിൽ സാക്ഷ്യപത്രം ഇല്ലാത്ത പ്രോജക്ടുകൾ സംസ്ഥാന മത്സരത്തിന് പരിഗണിക്കുന്നതല്ല.

പ്രോജക്ടുകളിൽ അത് തയ്യാറാക്കിയ വിദ്യാർത്ഥിയുടെ പേര്, ക്ലാസ്സ്, സ്കൂളിന്റെ പേര്, സ്കൂളിന്റെ പിൻകോഡ് ഉൾപ്പെടെയുള്ള പൂർണ്ണമായ മേൽവിലാസം, ജില്ല,

രക്ഷകർത്താവിന്റെ മൊബൈൽ നമ്പർ, റവന്യൂ ജില്ലാതല മത്സരത്തിൽ ലഭിച്ച സ്ഥാനം എന്നിവ വ്യക്തമായി ചേർത്തിരിക്കേണ്ടതാണ്.

ഇത്തരം പ്രോജക്ടുകൾ വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽപ്പറഞ്ഞിട്ടുള്ള സാക്ഷ്യപത്രത്തോടുകൂടി നവംബർ മാസം 20-ാം തീയതിക്കുള്ളിൽ **ശ്രീ. ജിമ്മി. കെ. ജോസ്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്), പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, ജഗതി.പി.ഒ, തിരുവനന്തപുരം – 695 014** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

## സംസ്ഥാന/സതേൺ ഇന്ത്യാ ശാസ്ത്ര നാടക മത്സരം

**A) Main Theme**

Science and Society

**B) Sub Themes**

1. Swatch Bharat : Role of Science & Technology
2. Cleansing of Rivers
3. Digital India
4. Green Energy

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന ശാസ്ത്ര നാടക മത്സരത്തിന്റെ സംസ്ഥാനതല മത്സരം ഒക്ടോബർ മാസം 14-ാം തീയതി കോഴിക്കോട് ജില്ലയിൽ വച്ച് നടത്തുന്നതാണ്. റവന്യൂ ജില്ലാതല മത്സരങ്ങൾ ഓൺലൈൻ എൻട്രി നടത്തി ഒക്ടോബർ 8 ന് മുമ്പ് തന്നെ പൂർത്തീകരിക്കേണ്ടതാണ്. മത്സരാർത്ഥികളുടെ വിശദാംശങ്ങൾ ഓൺലൈൻ എൻട്രി നടത്തേണ്ടതുമാണ്.

സംസ്ഥാനതല ശാസ്ത്ര നാടക മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന നാടകങ്ങൾക്ക് നവംബർ മാസം ആദ്യവാരം ബാംഗ്ലൂരിലെ വിശ്വേശ്വരയ്യ ഇൻഡസ്ട്രിയൽ ആന്റ് ടെക്നോളജിക്കൽ മ്യൂസിയത്തിൽ വച്ച് നടക്കുന്ന Southern India Science Drama Festival (SISDF) ൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കും.

## <u>ശാസ്ത്ര ക്വിസ് മത്സരം</u>

യു.പി., എച്ച്എസ്, എച്ച്എസ്എസ്/വിഎച്ച്എച്ച്എസ് വിഭാഗങ്ങളിൽ സ്കൂൾ തല മത്സരത്തിന്റെ ചോദ്യങ്ങൾ സബ്ജില്ലാ സെക്രട്ടറിമാരും, ഉപ ജില്ലാ തല മത്സരത്തിന്റെ ചോദ്യപേപ്പർ റവന്യൂ ജില്ലാ സെക്രട്ടറിമാരും തയ്യാറാക്കി നൽകേണ്ടതാണ്.

**റവന്യൂ ജില്ലാ ക്വിസ് മത്സരത്തിനുള്ള ചോദ്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ നിന്നും നൽകുന്നതായിരിക്കും. സംസ്ഥനത്ത് ഒട്ടാകെ ഒരേ ചോദ്യപേപ്പറായതിനാൽ റവന്യൂ ജില്ലാ തല മത്സരങ്ങളുടെ തീയതിയും സമയവും ചുവടെ ചേർക്കുന്നു.**

### <u>റവന്യൂ ജില്ലാതല ശാസ്ത്ര ക്വിസ് – നവംബർ 8–ാം തീയതി</u>

| | | |
|---|---|---|
| യു.പി. | – | രാവിലെ 10.30 മണി |
| എച്ച്എസ് | – | രാവിലെ 11.30 മണി |
| എച്ച്എസ്.എസ്/വി.എച്ച്.എസ്.എസ് | – | ഉച്ചയ്ക്ക് 2.30 മണി |

## <u>സയൻസ് ടാലന്റ് സെർച്ച് പരീക്ഷ (ഹൈസ്കൂൾ വിഭാഗത്തിന് മാത്രം)</u>

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായിട്ടുള്ള സ്കൂൾ തല മത്സരത്തിന്റെ ചോദ്യങ്ങൾ സബ്ജില്ലാ സെക്രട്ടറിമാരും, ഉപ ജില്ലാ തല മത്സരത്തിന്റെ ചോദ്യപേപ്പർ റവന്യൂ ജില്ലാ സെക്രട്ടറിമാരും തയ്യാറാക്കി നൽകേണ്ടതാണ്.

**റവന്യൂ ജില്ലാ മത്സരത്തിനുള്ള ചോദ്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ നിന്നും നൽകുന്നതായിരിക്കും. സംസ്ഥാനത്ത് ഒട്ടാകെ ഒരേ ചോദ്യപേപ്പറായതിനാൽ റവന്യൂ ജില്ലാ തല മത്സരങ്ങളുടെ തീയതിയും സമയവും ചുവടെ ചേർക്കുന്നു.**

<u>സമയക്രമം</u> : റവന്യൂ ജില്ലാ തലം നവംബർ 8 ന് രാവിലെ 10.30 ന്

## ശാസ്ത്ര, ഗണിതശാസ്ത്ര മാഗസിൻ മത്സരം

ഓരോ ഹൈസ്കൂളിൽ നിന്നും ഓരോ മാഗസിൻ ഉപജില്ലാതല മത്സരത്തിന് അയയ്ക്കേണ്ടതാണ്. ഉപജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവയ്ക്ക് റവന്യൂ ജില്ലാതലത്തിലും റവന്യൂ ജില്ലാ തലത്തിലെ ഒന്നും രണ്ടും സ്ഥാനം നേടുന്ന മാഗസിനുകൾക്ക് സംസ്ഥാന തലത്തിലും മത്സരിക്കാവുന്നതാണ്.

സംസ്ഥാനതല മത്സരത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന വിദ്യാലയങ്ങളുടെ പേരിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

മാഗസിൻ തയ്യാറാക്കുമ്പോഴും സമർപ്പിക്കുമ്പോഴും മാന്വലിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ശാസ്ത്ര, ഗണിത ശാസ്ത്ര മാഗസിനുകൾ സംസ്ഥാനതല മത്സരത്തിന്റെ രജിസ്ട്രേഷൻ ദിവസം തന്നെ സമർപ്പിക്കേണ്ടതാണ്.

## ടീച്ചിംഗ് എയ്ഡ്/ടീച്ചേഴ്സ് പ്രോജക്ട് മത്സരം

ടീച്ചിംഗ് എയ്ഡ്/ടീച്ചേഴ്സ് പ്രോജക്ട് മത്സരത്തിൽ അതതു വിഭാഗത്തിൽ അതതു വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കു മാത്രമേ പങ്കെടുക്കുവാനുള്ള അനുവാദം ഉള്ളൂ.

## സി.വി.രാമൻ ഉപന്യാസ രചനാ മത്സരം

**വിഷയം :** **1.** Science and Scientific Attitude for human Welfare
ശാസ്ത്രവും ശാസ്ത്രബോധവും മനുഷ്യ നന്മക്ക്

**2.** Importance of Biodiversity in human life
മനുഷ്യ ജീവിതത്തിൽ ജൈവ വൈവിധ്യത്തിന്റെ പ്രാധാന്യം

**3.** Mass Participation in Waste Management
ജനപങ്കാളിത്ത മാലിന്യ നിർമ്മാർജ്ജനം - സാധ്യതകളും പരിമിതികളും

2017 വർഷത്തെ സംസ്ഥാനതല സി.വി.രാമൻ ഉപന്യാസ രചനാ മത്സരം നവംബർ മാസം 7-ാം തീയതി നടക്കുന്നതിനാൽ റവന്യൂ ജില്ലാതലം വരെയുള്ള മത്സരങ്ങൾ ഒക്ടോബർ മാസം 30- ാം തീയതിക്കുള്ളിൽ പൂർത്തീകരിച്ച് റവന്യൂ ജില്ലാ മത്സരത്തിൽ ആദ്യത്തെ രണ്ട് സ്ഥാനക്കാരുടെ പേര്, ലഭിച്ച സ്ഥാനം, ക്ലാസ്, സ്കൂൾ, രചനാഭാഷ, രക്ഷകർത്താവിന്റെ മൊബൈൽ നമ്പർ എന്നിവ ഇംഗ്ലീഷിൽ തയ്യാറാക്കി dpiysection@gmail.com എന്ന വിലാസത്തിൽ മെയിൽ ചെയ്ത് തരേണ്ടതും ഹാർഡ് കോപ്പി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഒപ്പ് രേഖപ്പെടുത്തി **ശ്രീ. ജിമ്മി.കെ. ജോസ്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, ജഗതി.പി.ഒ, തിരുവനന്തപുരം - 695 014** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

## <u>ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ മത്സരം</u>

### (ഹൈസ്കൂൾ വിഭാഗത്തിന് മാത്രം)

റവന്യൂ ജില്ലാ തലത്തിൽ പങ്കെടുത്ത് ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ പേര്, ക്ലാസ്, ലഭിച്ച സ്ഥാനം, സ്കൂൾ, അവതരണഭാഷ, രക്ഷകർത്താവിന്റെ മൊബൈൽ നമ്പർ എന്നിവ ഇംഗ്ലീഷിൽ തയ്യാറാക്കി ഡിസംബർ 31-ാം തീയതിക്ക് മുമ്പായി dpiysection@gmail.com ൽ ഇ-മെയിൽ ചെയ്തു തരേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഒപ്പിട്ട ഹാർഡ് കോപ്പി **ശ്രീ. ജിമ്മി.കെ. ജോസ്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, ജഗതി.പി.ഒ, തിരുവനന്തപുരം - 695 014** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

**വിഷയം : പ്രശ്ന പരിഹാരം ബീജഗണിതത്തിലൂടെ**

Problem Solving using Algebra

## ഗണിത ശാസ്ത്ര ക്വിസ് മത്സരം

L.P, U.P,H.S, HSS/VHSS വിഭാഗങ്ങളിലെ സ്കൂൾ തല മത്സരത്തിന്റെ ചോദ്യങ്ങൾ സബ്ജില്ലാ സെക്രട്ടറിമാരും, ഉപ ജില്ലാ തല മത്സരത്തിന്റെ ചോദ്യപേപ്പർ റവന്യൂ ജില്ലാ സെക്രട്ടറിമാരും തയ്യാറാക്കി നൽകേണ്ടതാണ്.

**റവന്യൂ ജില്ലാ ക്വിസ് മത്സരത്തിനുള്ള ചോദ്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ നിന്നും നൽകുന്നതായിരിക്കും. സംസ്ഥാനത്ത് ഒട്ടാകെ ഒരേ ചോദ്യപേപ്പറായതിനാൽ റവന്യൂ ജില്ലാ തല മത്സരങ്ങളുടെ തീയതിയും സമയവും ചുവടെ ചേർക്കുന്നു.**

## റവന്യൂ ജില്ലാ തല ഗണിത ശാസ്ത്ര ക്വിസ് - നവംബർ 4-ാം തീയതി

| | | |
|---|---|---|
| **എൽ.പി** | – | **രാവിലെ 10.30 മണി** |
| **യു.പി** | – | **രാവിലെ 10.30 മണി** |
| **എച്ച്.എസ്** | – | **ഉച്ചയ്ക്ക് 01.30 മണി** |
| **എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ്** | – | **ഉച്ചയ്ക്ക് 03.00 മണി** |

## ഭാസ്കരാചര്യ സെമിനാർ - (റവന്യൂ ജില്ലാ തലം വരെ)

| | | |
|---|---|---|
| വിഷയം: - യു.പി. തലം | – | Calender Maths |
| | – | കലണ്ടർ ഗണിതം |
| ഹൈസ്കൂൾ തലം | – | Proportion in Nature |
| | | പ്രകൃതിയിലെ അനുപാതങ്ങൾ |
| ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി | – | Definite Integrates |

## സാമൂഹ്യ ശാസ്ത്ര ക്വിസ് മത്സരം

L.P, U.P,H.S, HSS/VHSS വിഭാഗങ്ങളിൽ നടത്തുന്ന സാമൂഹ്യ ശാസ്ത്ര ക്വിസ് മത്സരത്തിൽ രണ്ടു പേരടങ്ങുന്ന ടീമായി പങ്കെടുക്കാവുന്നതാണ്. സ്കൂൾ തല ക്വിസ് മത്സരങ്ങളുടെ ചോദ്യപേപ്പറുകൾ സബ് ജില്ലാ സെക്രട്ടറി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നേതൃത്വത്തിൽ തയ്യാറാക്കി നൽകേണ്ടതാണ്., സബ്ജില്ലാ മത്സരങ്ങളുടെ ചോദ്യപേപ്പറുകൾ റവന്യൂ ജില്ലാ സെക്രട്ടറി വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വ ത്തിൽ തയ്യാറാക്കി മത്സരം നടത്തേണ്ടതാണ്. ജില്ലാ മത്സരത്തിനുള്ള ചോദ്യപേപ്പർ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നൽകുന്നതാണ്. സംസ്ഥാനത്ത് ഒട്ടാകെ ഒരേ ചോദ്യ

പേപ്പറായതിനാൽ റവന്യൂ ജില്ലാ തല മത്സരങ്ങളുടെ തീയതിയും സമയവും ചുവടെ ചേർക്കുന്നു.

## റവന്യൂ ജില്ലാ തല സാമൂഹ്യ ശാസ്ത്ര ക്വിസ് - നവംബർ 6-ാം തീയതി

| | | |
|---|---|---|
| എൽ.പി | - | രാവിലെ 10.30 മണി |
| യു.പി | - | രാവിലെ 10.30 മണി |
| എച്ച്.എസ് | - | ഉച്ചയ്ക്ക് 01.30 മണി |
| എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് | - | ഉച്ചയ്ക്ക് 02.30 മണി |

## സമാമൂഹ്യ ശാസ്ത്ര - വാർത്താ വായനാ മൽസരം

| | | |
|---|---|---|
| ഉപജില്ലാ തലം | - | സെപ്തംബർ 25 ന് മുമ്പ് |
| റവന്യൂജില്ലാ തലം | - | സെപ്തംബർ 30 നകം |
| സംസ്ഥാന തലം | - | സ്ഥലവും തീയതിയും പിന്നീട് അറിയിക്കും |

## സാമൂഹ്യശാസ്ത്ര ടാലന്റ് സെർച്ച് എക്സാമിനേഷൻ

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന സാമൂഹ്യശാസ്ത്ര ടാലന്റ് സെർച്ച് എക്സാമിനേഷന്റെ സംസ്ഥാനതല മത്സര വേദിയും സ്ഥലവും യഥാസമയം അറിയിക്കുന്നതാണ്.

സ്കൂൾ തല മത്സരത്തിന്റെ ചോദ്യപേപ്പർ സബ് ജില്ലാ സെക്രട്ടറി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതും സബ്ജില്ലാ മത്സര ങ്ങളുടെ ചോദ്യപേപ്പറുകൾ റവന്യൂ ജില്ലാ സെക്രട്ടറി വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കി മത്സരം നടത്തേണ്ടതാണ് റവന്യൂ ജില്ലാ മത്സരത്തിനുള്ള സി.ഡി, ചോദ്യപേപ്പർ, ഉത്തരസൂചിക എന്നിവ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നൽകുന്നതാണ്,

സംസ്ഥാനത്തൊട്ടാകെ ഒരേ ചോദ്യപേപ്പർ ആയതിനാൽ റവന്യൂജില്ലാ മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്.

**റവന്യൂ ജില്ലാതല സാമൂഹ്യ ശാസ്ത്ര ടാലന്റ് എക്സാമിനേഷൻ - ഡിസംബർ 9 - ന്**

| | | |
|---|---|---|
| എൽ.പി | - | രാവിലെ 10.30 മണി |
| യു.പി. | - | രാവിലെ 10.30 മണി |
| എച്ച്എസ് | - | രാവിലെ 11.30 മണി |
| എച്ച്എസ്.എസ്/വി.എച്ച്.എസ്.എസ് | - | ഉച്ചയ്ക്ക് 2.30 മണി |

## പൊതുനിർദ്ദേശങ്ങൾ

- L.P, U.P, H.S, H.SS/V.HSS വിഭാഗങ്ങളിൽ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവർത്തി പരിചയ, ഐ.റ്റി. മേളകളിൽ ഒരു കുട്ടിക്ക് ഏതെങ്കിലും ഒന്നിൽ മാത്രമേ പങ്കെടുക്കുവാൻ അനുവാദമുള്ളൂ. മറ്റൊരു വിഭാഗം ക്വിസ് മത്സര ത്തിൽ പങ്കെടുക്കുവാൻ തടസ്സമില്ല.

- ക്വിസ് മത്സരങ്ങളിലും ശാസ്ത്ര ടാലന്റ് സെർച്ച് എക്സാമിനേഷനും സംസ്ഥാനത്തൊട്ടാകെ ഒരേ ചോദ്യപേപ്പർ ആയതിനാൽ റവന്യൂജില്ലാ മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്.

- എല്ലാ വിഭാഗം ഉപജില്ല, റവന്യൂ ജില്ലാ മേളകളും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

- മേളകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമിൽ വരുവാൻ പാടില്ല.

- സംസ്ഥാന മേളയിൽ പങ്കെടുക്കുന്ന മുഴുവൻ മത്സരാർത്ഥികളുടേയും സർട്ടിഫിക്കറ്റുകൾ ലഭിച്ചുവെന്ന് അതാത് റവന്യൂ ജില്ലാ സെക്രട്ടറിമാർ മേള സ്ഥലത്തു വച്ചു തന്നെ ഉറപ്പുവരുത്തേണ്ടതാണ്.

- സംസ്ഥാനമേളയുടെ ആദ്യദിനം മുതൽ അവസാനദിനം വരെ എല്ലാ വിഭാഗം റവന്യൂ ജില്ലാ സെക്രട്ടറിമാരും മേള സ്ഥലത്ത് ഉണ്ടായിരിക്കേണ്ടതാണ്.

- ജില്ല, ഉപജില്ലാ മത്സരങ്ങൾ വിലയിരുത്തുന്നതിന് പ്രഗത്ഭരായ വിധികർത്താക്കളെ നിയോഗിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ജില്ലാതല മത്സര വിധികർത്താക്കളുടെ പാനൽ തയ്യാറാക്കി വിദ്യാഭ്യാസ ഉപഡയറക്ടർമാർ നവംബർ 10 ന് മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും അംഗീകാരം നേടിയിരിക്കേണ്ടതുമാണ്.

- എല്ലാ മത്സരാർത്ഥിക്കും അഭിമാനപൂർവ്വം മേളയിൽ പങ്കെടുക്കുന്നതിനുള്ള എല്ലാ അവസരങ്ങളും ഒരുക്കികൊടുക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം. സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള മത്സര നടത്തിപ്പിൽ വിദ്യാഭ്യാസ ആഫീസർ തികഞ്ഞ ജാഗ്രത പുലർത്തേണ്ടതാണ്.

- ക്വിസ് മത്സരങ്ങളുടെ പോയിന്റ് കൂടി ഓവറോൾ ചാമ്പ്യൻഷിപ്പിന് കണക്കാക്കുന്നതിനാൽ റവന്യൂ ജില്ലാ ശാസ്ത്രമേളക്ക് മുന്നോടിയായി ക്വിസ് മൽസരങ്ങൾ പൂർത്തീകരിച്ച് ഓൺലൈൻ എൻട്രി നടത്തേണ്ടതാണ്.

- സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ എന്നിവയുടെ വലിപ്പം 122 cm x122 cm x 100 cm കൂടുവാൻ പാടില്ല.

- ഏത് Exhibit നും ഒപ്പം പ്രദർശിപ്പിക്കാവുന്ന ചാർട്ടുകളുടെ പരമാവധി എണ്ണം 5 ആയി നിജപ്പെടുത്തിയിരിക്കുന്നു.

- Improvised Experiment - ൽ ഒരേ ആശയവുമായി ബന്ധപ്പെട്ട പരമാവധി 5 പരീക്ഷണങ്ങൾ അവതരിപ്പിക്കാം.

- സയൻസ് മാഗസിൻ പുറം കവർ ഉൾപ്പെടെ പരമാവധി പെൻസിൽ/പെൻ ഉപയോഗിച്ച് ചെയ്തത് ആവണം.

ജിമ്മി കെ.ജോസ്
അഡീഷണൽ ഡയറക്ടർ (അക്കാഡമിക്)

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. സ്റ്റേറ്റ് സെക്രട്ടറി, ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തി പരിചയ അസോസിയേഷൻ
4. എല്ലാ സബ് ജില്ല/റവന്യൂ ജില്ല ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ക്ലബ്ബ് അസോസിയേഷൻ സെക്രട്ടറിമാർക്കും
5. കരുതൽ ഫയൽ